പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3228 11.05.2017-ലെ മറുപടിക്ക്**

**സ്പാർക് സംവിധാനത്തിലുള്ള കാലതാമസം**

| | **ചോദ്യം**<br>ശ്രീ. അനിൽ അക്കര | **ഉത്തരം**<br>ഡോ. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി |
|---|---|---|
| (എ) | തൃശൂർ കേരള വർമ്മ കോളേജിൽ 2014 ജൂൺ ജൂലൈ മാസങ്ങളിൽ നിയമനം ലഭിച്ചിട്ടുള്ള അധ്യാപകരുടെ കുടിശ്ശിക ബില്ലുകൾ മാറുന്നതിനു സ്പാർക് സംവിധാനത്തിൽ നിലവിലുള്ള കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിലെ ദീർഘ കാലയളവിലുള്ള ശമ്പള കുടിശിക ബില്ലുകൾക്ക് അനുമതി നൽകുന്ന ഡി. ഡി. ഒ ക്കും, അംഗീകാര അധികാരിക്കും, സൂക്ഷ്മ പരിശോധന നടത്തുന്ന ട്രഷറി വകുപ്പിനും, ഓഡിറ്റ് നടത്തുന്ന അക്കൗണ്ടന്റ് ജനറലിനുമുള്ള നടപടി ക്രമങ്ങൾ സുഗമമാക്കുന്നതിന്റെ ഭാഗമായിട്ടാണ് വിവിധ ജീവനക്കാരുടെ വ്യത്യസ്തമായ ദീർഘ കാലയളവിലേക്കുള്ള ശമ്പള കുടിശിക ഒറ്റ ബില്ലായി മാറുന്നതിനുള്ള സംവിധാനം സ്പാർക്കിൽ ഉൾപ്പെടുത്താത്തത്. എന്നാൽ ഓരോ ജീവനക്കാരന്റെയും |
| (സി) | അരിയർ ബില്ലുകൾ മാറി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് സ്പാർക് അധികൃതർ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ? | |

| | | |
|---|---|---|
| | | ദീർഘ കാലയളവിലുള്ള ശമ്പള കുടിശിക ബില്ലുകൾ ഓരോ ബില്ലായി മാറുന്നതിനുള്ള സംവിധാനം സ്പാർക്കിൽ ഇപ്പോൾ തന്നെ ലഭ്യമാണ്. ഇതനുസരിച്ചു തൃശൂർ ശ്രീ കേരള വർമ്മ കോളേജിലെ ദീർഘ കാലയളവിലുള്ള ശമ്പള കുടിശിക ബില്ലുകൾ മാറുന്നതിനു സാങ്കേതിക തടസങ്ങൾ ഒന്നും തന്നെ സ്പാർക്കിൽ ഇപ്പോൾ നിലവിൽ ഇല്ല. |

**അക്കൗണ്ട്സ് ഓഫീസർ**